**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 98** **01-02-2023 - ൽ മറുപടിയ്ക്ക്**

**ക്രിമിനൽ ബന്ധമുള്ള പോലീസ് സേനാംഗങ്ങൾക്കെതിരെ കർശന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2022 ഒക്ടോബർ 28-ന് തിരുവനന്തപുരം മ്യൂസിയം പരിസരത്ത് നടന്ന ലൈംഗിക അതിക്രമ കേസിൽ ജാമ്യം ലഭിക്കുന്ന വകുപ്പുകൾ മാത്രം ചുമത്തി കേസ് രജിസ്റ്റർ ചെയ്യുകയും പ്രതിക്ക് അനുകൂലമായ നിലപാടുകൾ സ്വീകരിക്കുകയും ചെയ്ത മ്യൂസിയം പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ., സബ് ഇൻസ്പെക്ടർ എന്നിവർക്കെതിരെ നടപടി ആവശ്യപ്പെട്ടുകൊണ്ട് പൊതുപ്രവർത്തകനായ ശ്രീ. ചാല നാസർ ഡി.ജി.പി.-ക്ക് നൽകിയ പരാതിയിൽ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; നാളിതുവരെ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | ടി വിഷയം സംബന്ധിച്ച് ശ്രീ. ചാല നാസർ എന്ന വ്യക്തി സംസ്ഥാന പോലീസ് മേധാവിയ്ക്ക് സമർപ്പിച്ച പരാതി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് നൽകിയിരുന്നു. തിരുവനന്തപുരം സിറ്റി സ്പെഷ്യൽ ബ്രാഞ്ച് പോലീസ് അസിസ്റ്റന്റ് കമ്മീഷണർ മുഖേന വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ സംസ്ഥാന പോലീസ് മേധാവിക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.<br><br>പ്രസ്തുത റിപ്പോർട്ടിന്മേൽ കൂടുതൽ വ്യക്തത പോലീസ് മേധാവി തേടിയിരിക്കുകയാണ്. |
| (ബി) | ക്രിമിനൽ ബന്ധമുള്ള പോലീസ് സേനാംഗങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടത് അനിവാര്യമായിരിക്കുന്ന സാഹചര്യത്തിൽ ഗുരുതര കൃത്യവിലോപം നടത്തിയ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്കെതിരെ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ടി വിഷയം സംബന്ധിച്ച് ശ്രീ. ചാല നാസർ എന്ന വ്യക്തി സംസ്ഥാന പോലീസ് മേധാവിയ്ക്ക് സമർപ്പിച്ച പരാതി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് നൽകിയിരുന്നു. തിരുവനന്തപുരം സിറ്റി സ്പെഷ്യൽ ബ്രാഞ്ച് പോലീസ് അസിസ്റ്റന്റ് കമ്മീഷണർ മുഖേന വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ സംസ്ഥാന പോലീസ് മേധാവിക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.<br><br>പ്രസ്തുത റിപ്പോർട്ടിന്മേൽ കൂടുതൽ വ്യക്തത പോലീസ് മേധാവി തേടിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ